(16) ഗംഗയാർ തോടിനെ മാലിന്യമുക്തമാക്കേണ്ടതിന്റെ ആവശ്യകത

ശ്രീമതി ജമീലാ പ്രകാശം: സർ, വിഴിഞ്ഞം തുറമുഖ മേഖലയിലെ മത്സ്യ തൊഴിലാളികളും മറ്റു കൂലിപ്പണിക്കാരുമായ ജനങ്ങൾ ശുദ്ധജലം ലഭിക്കാൻ മറ്റുമാർഗ്ഗങ്ങൾ ഒന്നുംതന്നെ ഇല്ലാത്തതുകൊണ്ട് കുളിക്കാനും കുടിക്കാനും തുണി അലക്കാനും മറ്റും ആശ്രയിച്ചുവരുന്നത് ഗംഗയാർ തോടിനെയാണ്. ഇതിനോട് ചേർന്നുള്ള ഐസ് ഫാക്ടറികൾ, മത്സ്യസംസ്കരണ കേന്ദ്രങ്ങളിൽ നിന്നും പുറന്തള്ളുന്ന അവശിഷ്ടങ്ങൾ സമീപത്തുള്ള ഓടകളിൽ നിന്നും ഒഴുകിയെത്തുന്ന വിസ്സർജ്യങ്ങൾ എന്നിവ കാരണം വിഷലിപ്തമായ ഈ തോട് ഒരു മാലിന്യത്തോടായി മാറിയിരിക്കുകയാണ്. ത്വക്ക് രോഗങ്ങൾക്ക് കാരണമാകുന്ന രാസമാലിന്യങ്ങൾ ഈ തോട്ടിലെ ജലത്തിലുണ്ടെന്ന് ആരോഗ്യവകുപ്പിന്റെ റിപ്പോർട്ടിൽ പറയുന്നുണ്ട്. ഈ റിപ്പോർട്ട് വന്നതിനെത്തുടർന്ന് മൈനർ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് 6 ലക്ഷം രൂപ അനുവദിച്ച് തോട് ശുചീകരണത്തിന് നടപടിയെടുത്തുവെന്ന് പറയുന്നുണ്ടെങ്കിലും അതിന്റെ ഫലം ഇനിയും കാണേണ്ടിയിരിക്കുന്നു. ജലത്തിന്റെ ക്വാളിറ്റിയിൽ ഒരു വ്യത്യാസവുമുണ്ടായിട്ടില്ല. ഗംഗയാർ തോടിനെ മാലിന്യമുക്തമാക്കണമെന്നും അതുവഴി കുടിവെള്ളത്തിനു വേണ്ടി ഈ തോടിനെ ആശ്രയിക്കുന്ന നിസ്സഹായരും നിർധനരും ആയ തീരദേശ നിവാസികളെ ജലജന്യരോഗങ്ങളിൽനിന്നും സംരക്ഷിക്കണമെന്നും കഴിഞ്ഞ കുറെ മാസങ്ങളായി ജില്ലാ വികസന സമിതി യോഗങ്ങളിൽ ഞാൻ ആവർത്തിച്ചാവർത്തിച്ച് ആവശ്യപ്പെട്ടുവരികയാണ്. പക്ഷെ ഇന്നുവരെ അധികൃതരുടെ ഭാഗത്തുനിന്നും നടപടികളൊന്നും ഉണ്ടായിക്കാണുന്നില്ല. ആയതിനാൽ ഈ ജലസ്രോതസ്സിനെ മാലിന്യമുക്തമാക്കുന്നതിനുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നും അടിയന്തരമായി ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, ഗംഗയാർ തോടിനെ മാലിന്യമുക്തമാക്കുന്നതിനായി 2013 schedule of rate പ്രകാരം 75 ലക്ഷം രൂപയും 35 ലക്ഷം രൂപയും രണ്ട് എസ്റ്റിമേറ്റുകൾ തയ്യാറാക്കുകയുണ്ടായി. Schedule of rate 2014-ലേയ്ക്ക് പുതുക്കേണ്ടിയിരുന്നതിനാൽ ടി എസ്റ്റിമേറ്റുകൾ ഏകോപിപ്പിച്ച് 128 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ച് വരുന്നു. പ്രസ്തുത എസ്റ്റിമേറ്റിൽ ഐസ് ഫാക്ടറികളിൽനിന്നും മത്സ്യസംസ്കരണ കേന്ദ്രങ്ങളിൽ നിന്നും പുറന്തള്ളുന്ന മാലിന്യങ്ങൾ ഉൾക്കൊള്ളുവാൻ വേണ്ടി തോടിനകത്ത് ഉദ്ദേശം 300 മീറ്റർ നീളത്തിൽ കംപാർട്ടുമെന്റായി ഒരു ഡ്രെയിൻ നിർമ്മാണം ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ ഒരു പാലവും ഓടയിൽ നിന്നുള്ള മാലിന്യം ശേഖരിക്കുന്നതിന് കളക്ഷൻ വെൽ-ഉം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ

LIBRARY ARCHIVES Kerala Legislative Assembly

പണികൾ ചെയ്യുന്നതോടെ ഗംഗയാർ തോടിന്റെ മാലിന്യ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാകുമെന്ന് കരുതുന്നു. പ്രസ്തുത തോട് 2012-ൽ ആറ് ലക്ഷം രൂപ ചെലവഴിച്ച് താൽക്കാലികമായി മാലിന്യംമാറ്റി വൃത്തിയാക്കിയിരുന്നു. തന്മൂലം വെള്ളപ്പൊക്കം ഒരു പരിധി വരെ നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ട്. പുതിയ പ്രൊപ്പോസൽ പ്രാവർത്തികമാകുന്നതോടെ ഗംഗയാർ തോട് മാലിന്യമുക്തമാക്കാൻ ഒരു പരിധി വരെ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(17) താനൂർ സി.എച്ച്.സി.-യിലെ ഡ്യൂട്ടി ഡോക്ടർമാരുടെ നിയമനം

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ തിങ്ങിത്താമസിക്കുന്ന കേരളത്തിലെ ഏറ്റവും ജനസാന്ദ്രതകൂടിയ തീരപ്രദേശങ്ങളി ലൊന്നാണ് താനൂർ. അവിടെയാണ് താനൂർ സി.എച്ച്.സി. പ്രവർത്തിക്കുന്നത്. പാവപ്പെട്ട സ്ത്രീകളും കുട്ടികളുമാണ് ഈ ആശുപത്രിയെ ഏറ്റവും കൂടുതൽ ആശ്രയിക്കുന്നത്. എല്ലാ സൗകര്യങ്ങളോടും കൂടിയ ലേബർ റൂമും ജനറേറ്ററും ഉൾപ്പെടെ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഇവിടെയുണ്ട്. പക്ഷെ ഒരു ഗൈനക്കോളജിസ്റ്റോ ഒരു പീഡിയാട്രീഷനോ ഇവിടെ ഇല്ല. പ്രസ്തുത തസ്തികകളും അവിടെയില്ല. ഇക്കാര്യം പലതവണ സഭയിൽ ഞാൻ ഉന്നയിച്ചതാണ്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ഇക്കാര്യം പരിഹരിക്കുമെന്ന് ഉറപ്പുനൽകിയതുമാണ്. ഉച്ചയോടുകൂടി ഡോക്ടർമാർ പോകുന്നതിനാൽ ഡോക്ടർമാരുടെ സേവനം ലഭ്യമാകാത്ത അവസ്ഥയും നിലനിൽക്കുകയാണ്. ഒരു ഗൈനക്കോളജിസ്റ്റിനെ കിട്ടുകയാണെങ്കിൽ അവിടെ നിയമിക്കാമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഉറപ്പുനൽകിയതിന്റെ അടിസ്ഥാനത്തിൽ ഒരു ഗൈനക്കോളജിസ്റ്റിനെ കണ്ടെത്തി ബഹുമാനപ്പെട്ട മന്ത്രിയെ അക്കാര്യം അറിയിച്ചിട്ടുമുണ്ട്. ആയതിനാൽ താനൂർ സി.എച്ച്.സി.-യിൽ ഒരു ഗൈനക്കോളജിസ്റ്റിനെയും ഒരു പീഡിയാട്രീഷനെയും നിയമിക്കുന്നതിനും അതോടൊപ്പം തന്നെ സി.എച്ച്.സി.-യിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, താനൂർ തീരദേശമേഖലയിലെ ഏക സർക്കാർ ആശുപത്രിയായ താനൂർ സി.എച്ച്.സി. 1999-ലാണ് സാമൂഹിക ആരോഗ്യകേന്ദ്രമായി ഉയർത്തപ്പെട്ടത്. ഈ സി.എച്ച്.സി.-യിൽ അഞ്ച് അസിസ്റ്റന്റ് സർജന്മാരുടെ തസ്തികകളാണ് നിലവിലുള്ളത്. ഈ അഞ്ച് തസ്തികകളിലും ഡോക്ടർമാർ സേവനം അനുഷ്ഠിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly